ആർ.എൽ.ഇ.ജി.പി. മുഖേനയുള്ള സാമൂഹ്യ വനവൽക്കരണ പദ്ധതികൾ

* 261. [282] ശ്രീ. സ്റ്റീഫൻ പാദുവ :
,, കെ.കെ. ശ്രീനിവാസൻ :
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
,, ജി. കാർത്തികേയൻ :
,, എം.എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എൽ.ഇ.ജി.പി. യുടെ കീഴിൽ നടപ്പാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾ ഏതെല്ലാം ;

(ബി) ഇതിനായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച സംഖ്യ എത്ര ;

(സി) ഇതുവരെ ചെലവായ തുക എത്ര ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) രണ്ട് സാമൂഹ്യ വനവൽക്കരണ പദ്ധതികളാണ് ആർ.എൽ.ഇ.ജി.പി: യുടെ കീഴിൽ നടപ്പാക്കുന്നത്. ഒന്നാമത്തേത് ഇടുക്കി ജില്ലയിലെ ഇടുക്കി പ്രോജക്ടിന്റെ കാച്ച്മെന്റ് പ്രദേശത്ത് നടപ്പാക്കുന്ന പദ്ധതിയും രണ്ടാമത്തേത് സംസ്ഥാനത്തെ മൊത്തം വനപ്രദേശത്ത് നടപ്പാക്കുന്ന പദ്ധതിയും.

(ബി) ഇതുവരെ മൊത്തം 638.60 ലക്ഷം രൂപ ഈ രണ്ട് പദ്ധതികൾക്കുമായി കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടിയിട്ടുണ്ട്.

(സി) 30-9-1986 വരെ 173.37 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

ശ്രീ. സ്റ്റീഫൻ പാദുവ : ബ്ലോക്കുകളുടെ ആഭിമുഖ്യത്തിൽ സോഷ്യൽ ഫോറസ്ട്രി പാർക്കുകൾ ഉണ്ടാക്കാനുള്ള വല്ല പദ്ധതികളും ഉണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : സോഷ്യൽ ഫോറസ്ട്രി പാർക്കുകൾ ചില സ്ഥലങ്ങളിൽ നിലവിൽ വരുന്നുണ്ട്.

ശ്രീ. എം.എം. ഹസ്സൻ : സാമൂഹ്യ വനവൽക്കരണ പരിപാടി, സോഷ്യൽ ഫോറസ്ട്രി എന്നുള്ള പേരിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടക്കുന്നുണ്ട്. അതും ഇതും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള കോ-ഓർഡിനേഷനുണ്ടോ ; ഏത് തരത്തിലുള്ള കോ-ഓർഡിനേഷനാണുള്ളത് ?

ശ്രീ. രമേശ് ചെന്നിത്തല : ഡി.ആർ.ഡി.എ. ആണ് പണം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചുകൊടുക്കുന്നത്. അടുത്ത വർഷം മുതൽ ഗ്രാമവികസന ഏജൻസിതന്നെ നേരിട്ട് സാമൂഹ്യ വനവൽക്കരണം നടത്തണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതനുസരിച്ചുള്ള നടപടികൾ എടുത്തു വരികയാണ്. ഇപ്പോൾ തന്നെ തെരഞ്ഞെടുക്കപ്പെട്ട ഓരോ മഹിളാ സമാജങ്ങൾ മുഖേന ഈ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ : ആർ.എൽ.ഇ.ജി.പി. പദ്ധതി പ്രകാരം നടത്തുന്ന എല്ലാ വർക്കുകളും ബെനിഫിഷ്യറി കമ്മിറ്റി മുഖാന്തിരം ജനങ്ങളുടെ പ്രാതിനിധ്യത്തോടുകൂടി മാത്രമേ നടത്തുകയുള്ളു. സാമൂഹ്യ വനവൽക്കരണ പരിപാടി മാത്രം അങ്ങനെയല്ല നടക്കുന്നത്. അതുകൊണ്ട് ധാരാളം അഴിമതികൾ ഇതിൽ നടക്കുന്നുവെന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് ബെനിഫിഷ്യറി കമ്മിറ്റിയെക്കൂടി ചുമതലപ്പെടുത്തിക്കൊണ്ട് ഇത് നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : അതിനുള്ള സംരംഭം ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. ജില്ലാ മഹിളാ യൂണിയനുകളെക്കൊണ്ടാണ് മഹിളാ സമാജങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് ഈ പ്രവർത്തനം നടത്തുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സാമൂഹ്യ വനവൽക്കരണ പരിപാടി വനംവകുപ്പിന്റെ കീഴിലും സാമൂഹ്യ വികസന വകുപ്പിന്റെ കീഴിലും നടക്കുന്നുണ്ട്. അതിനുവേണ്ടി നീക്കിവയ്ക്കാവുന്ന മുഴുവൻ തുകയും സംരേിച്ച് ഒരു ഏജൻസി മുഖേന കാര്യക്ഷമമായി ഇതിന്റെ പ്രവർത്തനം നടത്തുന്നതല്ലേ നല്ലത്. അതിന് പകരം ഇങ്ങനെ വികേന്ദ്രീകരിച്ച് മറ്റ് വിധത്തിൽ ചെയ്യുന്നത് കാര്യക്ഷമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ഇപ്പോഴത്തന്നെ ഇത്തരത്തിലുള്ള പരാതികൾ ഉയർന്നുവന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമവികസന ഏജൻസി കൊണ്ടുവന്ന് ആർ.എൽ.ഇ.ജി.പി. യിലും എൻ.ആർ.ഇ.പി. യിലും അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ചുകൊണ്ട് സാമൂഹ്യ വനവൽക്കരണ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

മഹാരാഷ്ട്രയിൽ നിന്നും അനുവദിച്ച സ്പിരിറ്റ്

* 262. [283] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, ഒ. ഭരതൻ :
,, വി.ജെ. തങ്കപ്പൻ :
,, കെ. മൂസ്സക്കുട്ടി :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാരാഷ്ട്രയിൽ നിന്ന് 1986 സെപ്റ്റംബർ മാസത്തേക്ക് കേരളത്തിന് അനുവദിച്ച സ്പിരിറ്റ് എത്രയാണ് ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ഷുഗർ ഫാക്ടറിയിലേക്ക് ടെൻഡർ വിളിക്കാതെ സ്പിരിറ്റ് ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ ഫലമായി സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) മഹാരാഷ്ട്രയിൽ നിന്ന് 1986 സെപ്റ്റംബർ മാസത്തിൽ 20 ലക്ഷം ലിറ്റർ സ്പിരിറ്റ് കേരളത്തിന് അനുവദിച്ചിരുന്നു. അത്

LIBRARY ARCHIVES Kerala Legislative Assembly